## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 53** **27-9-2016-ൽ മറുപടിയ്ക്ക്**

## സംസ്ഥാന വൈദ്യുതി ബോർഡിന്റെ ലാഭ നഷ്ട കണക്ക്

ചോദ്യം

ഉത്തരം

ശ്രീ. പി. കെ. ബഷീർ :

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :

ശ്രീ. പാറക്കൽ അബ്ദുല്ല :

ഡോ. എം. കെ. മുനീർ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ കണക്ക് ആഡിറ്റ് ചെയ്ത് ലാഭ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ 2015-16 സാമ്പത്തിക വർഷം വരെയുള്ള കണക്ക് ബോർഡ് അംഗീകരിച്ച് ആഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്. 2013-14 വരെയുള്ള കണക്കിന് ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

കഴിഞ്ഞ 3 വർഷത്തെ ലാഭം/നഷ്ടം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | റവന്യൂ ഗ്യാപ്പ്/ റെഗുലേറ്ററി അസറ്റ് തുക (കോടി രൂപയിൽ) | നഷ്ടം തുക (കോടി രൂപയിൽ) |
|---|---|---|
| 2013-14 | 848.29 (31.10.2013 വരെ) | 24.25 (01.11.2013 മുതൽ 31.03.2014 വരെ) |
| 2014-15 | | 1272.90 |
| 2015-16 | | 313.29 |

31.10.2013 തീയതിയിലെ സ. ഉ (പി) 46/2013 പി.ഡി സർക്കാർ ഉത്തരവ് പ്രകാരം കെ. എസ്. ഇ. ബോർഡിന്റെ ആസ്തി – ബാധ്യതകളെല്ലാം കെ. എസ്. ഇ. ബി ലിമിറ്റഡ് എന്ന കമ്പനിയിലേയ്ക്ക് മാറ്റപ്പെടുകയുണ്ടായി. കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ അനുശാസിക്കുന്ന നിശ്ചിതശതമാനം ലാഭമായ15.5% അക്കൗണ്ട്സിൽ കാണിക്കേണ്ടതുണ്ട്. ഇതു പ്രകാരം

2013-14 വർഷത്തിൽ 31.10.2013 വരെ ബോർഡ് ആയി നിലനിന്ന കാലയളവിൽ ലാഭം കാണിക്കേണ്ടുന്ന തുകയായ 140.47 കോടി രൂപയും റവന്യൂ ഗ്യാപ്പ് അഥവാ റെഗുലേറ്ററി അസറ്റ് ആയി വരവ് വെച്ചിട്ടുണ്ട്. 01.11.2013 മുതൽ കമ്പനിയായതിന് ശേഷം പ്രസ്തുത റെഗുലേറ്ററി അസറ്റ് കമ്പനി നിയമം അനുസരിച്ച് തയ്യാറാക്കുന്ന കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല.

(ബി) പ്രസ്തുത കണക്കുകൾ വൈദ്യുതി റഗുലേറ്ററി കമ്മീഷന് സമർപ്പി ച്ചിട്ടുണ്ടോ ; എങ്കിൽ ഏതു വർഷം വരെയുള്ള കണക്കുകളാണ് സമർപ്പിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) വൈദ്യുതി നിയമം 2003 – ലെ വിവിധ വ്യവസ്ഥകൾ പ്രകാരവും, കേരളാ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് റെഗുലേഷനുകൾ പ്രകാരവും, 2015-16 സാമ്പത്തിക വർഷം വരെയുള്ള ARR&;ERC Petition. (Aggregate Revenue Requirement &; Expected Revenue from charges) കെ.എസ്.ഇ.ബി ലിമിറ്റഡ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷനിൽ, അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള പ്രതീക്ഷിത ചെലവ്, പ്രതീക്ഷിത വരുമാനം, റവന്യൂ കമ്മി/മിച്ചം തുടങ്ങിയ വിവരങ്ങളോടൊപ്പം നടപ്പ സാമ്പത്തിക വർഷത്തിലെ Revised Estimate ഉം, മുൻ സാമ്പത്തിക വർഷത്തെ audited/provisional accounts പ്രകാരമുള്ള കണക്കുകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) ബോർഡിന്റെ പ്രവർത്തനം ലാഭത്തിനാണെങ്കിൽ ഗാർഹിക ഉപഭോക്താക്കൾക്ക് നിരക്കുകളിൽ ഇളവനുവദിക്കുവാൻ തയ്യാറാകുമോ ?

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡ്, 2015-16 വരെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ള ARR &; ERC പെറ്റീഷൻ പ്രകാരവും, 2015-16 സാമ്പത്തിക വർഷം വരെയുള്ള provisional accounts പ്രകാരവും കെ.എസ്.ഇ.ബി ലിമിറ്റഡ് നഷ്ടത്തിലാണ്. വൈദ്യുതി നിയമം, 2003 ലെ വിവിധ വ്യവസ്ഥകൾ പ്രകാരം, സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും വൈദ്യുതി നിരക്കുകളിന്മേൽ വ്യതിയാനം വരുത്തുവാനുള്ള പൂർണ്ണ അധികാരം, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ മാത്രം നിക്ഷിപ്തമാണ്.

Hemalatha

**സെക്ഷൻ ഓഫീസർ**